**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4273** **18-07-2022 - ൽ മറുപടിയ്ക്ക്**

**നാദാപുരം നിയോജക മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (എ) | നാദാപുരം നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന പ്രദേശങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>1.. ഇടച്ചേരി ടൗൺ<br>2. നാദാപുരം പോലീസ് സ്റ്റേഷന് സമീപം<br>3. പാറക്കടവ്<br>4. പരപ്പപാറ<br>5. പേറാട് ജംഗ്ഷന് സമീപം<br>6. തൂണേരി ടൗൺ<br>പദ്ധതി ഒരു മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പഞ്ചായത്തിൽ പ്രധാന കേന്ദ്രങ്ങളിൽ കുറഞ്ഞത് ഒരു ചാർജിംഗ് പോയിന്റെങ്കിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേരളത്തിലുടനീളം 1150 പോൾമൌണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന തിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നിയോജക മണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആദ്യ ഘട്ടമായി അനെർട്ട് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ